# പതിമൂന്നാം കേരള നിയമസഭ

## 8-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2182, 26.03.2013 - ലെ മറുപടിയ്ക്ക്**

## ചീഫ് ടെക്നിക്കൽ എക്സാമിനർ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഉത്തരം<br>ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി<br>ശ്രീ.കെ.എം.മാണി. |
|---|---|
| (എ) ചീഫ് ടെക്നിക്കൽ എക്സാമിനർ വിഭാഗത്തിന്റെ പ്രവർത്തനം വ്യക്തമാക്കാമോ? | വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫയലുകളുടെ പരിശോധന, സാങ്കേതിക വിഷയങ്ങളിൽ സർക്കാരിന് ഉപദേശം നൽകൽ, നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളിൻമേലുള്ള പരിശോധന, നിർമ്മാണ സാമഗ്രികളുടെ ശേഖരത്തിന്റെ പരിശോധന തുടങ്ങിയവ |
| (ബി) 2012-13 സാമ്പത്തിക വർഷത്തിൽ സി.റ്റി.ഇ. യ്ക്ക് എത്ര പ്രവർത്തികൾ സംബന്ധിച്ച് പരാതി ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ? | 2012-13 സാമ്പത്തിക വർഷത്തിൽ ആകെ 112 പരാതികൾ ലഭിച്ചു. |
| (സി) ഈ പരാതികളിൽ എത്ര എണ്ണം പരിശോധിച്ചെന്നും എത്ര എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയെന്നും ക്രമക്കേടുകൾ കണ്ടെത്തിയവയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ? | ലഭിച്ച പരാതികളിൽ 104 എണ്ണം പരിശോധനക്കായി പരിഗണിച്ചു.<br>2 എണ്ണത്തിൻമേൽ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. ഗുരുതരമല്ലാത്ത ക്രമക്കേടുകൾ കണ്ടെത്തിയ 5 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എൻജിനീയർമാർക്ക് ഒബ്സർവേഷൻ മെമ്മോ നൽകി ക്രമക്കേട് പരിഹരിക്കാൻ |

| | |
|---|---|
| | നിർദ്ദേശിച്ചു. പ്രാഥമികാന്വേഷണത്തിൽ ക്രമക്കേടുണ്ടെന്ന് ബോധ്യപ്പെട്ട 35 എണ്ണത്തിൽ ബന്ധപ്പെട്ട എൻജിനീയർമാരോട് വിശദവിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മറ്റുള്ളവ പരിശോധിച്ചു വരുന്നു. ബാക്കി 62 പരാതികളിൽ അന്വേഷണം നടന്നു വരുന്നു. |
| (ഡി) പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം റിവ്യൂ ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള സംവിധാനം എന്തെല്ലാമാണെന്ന് അറിയിക്കാമോ? | പരിശോധനാ വിഭാഗത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ